**D 50807** (Pages : 2) Name.....................................

Reg. No.....................................

# FIFTH SEMESTER B.A. DEGREE EXAMINATION, NOVEMBER 2018

(CUCBCSS–UG)

Malayalam

## MAL 5B 07—MALAYALA VYAKARANAM

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 അക്ഷരത്തെയോ വർണ്ണത്തെയോ കുറിക്കാൻ ഉപയോഗിക്കുന്ന ചിഹ്നത്തിനു പറയുന്ന പേരെന്ത് ?

2 'ജാത്യാദ്യോതകമാണാദ്യം'—ഏതിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് ?

3 ഇടനിലയ്ക്കു പറയുന്ന മറ്റൊരു പേരെന്ത് ?

4 ഒരു വസ്തുവിന്റെ സ്വഭാവത്തെ വർണ്ണിക്കുന്ന ഭേദകം ഏതാണ് ?

5 പ്രകൃതിയും പ്രത്യയവും തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന സന്ധിക്ക് പറയുന്ന പേരെന്ത് ?

6 കർത്താവ് ക്രിയയ്ക്ക് ആധാരമായി കല്പിക്കുന്ന കാരകം ഏതാണ് ?

7 മേൽസ്ഥാനത്തുള്ള വർണ്ണം കീഴ്സ്ഥാനത്തുള്ള വർണ്ണമായി മാറുന്ന പ്രക്രിയയ്ക്ക് പറയുന്ന പേര്.

8 'മലയാഴ്മയുടെ വ്യാകരണം' എന്ന ഗ്രന്ഥം രചിച്ചതാര് ?

9 കർത്താവിന്റെ പ്രയത്നമൊന്നും കൂടാതെ സംഭവിക്കുന്ന ക്രിയയ്ക്കു പറയുന്ന പേരെന്ത് ?

10 'കുറു' എന്നത് 'കുന്റ്' എന്നാകുന്നത് ഏത് വ്യാകരണ നിയമം മൂലമാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 സ്വരവും വ്യഞ്ജനവും തമ്മിലുള്ള വ്യത്യാസമെന്ത് ?

12 ചുട്ടെഴുത്തുകൾ എന്നാൽ എന്ത് ?

13 'ബഹുവചനം മൂന്നു വിധത്തിലുണ്ട്'—അവ ഏതെല്ലാമാണ് ?

14 കാരിത-അകാരിത ഭേദത്തിന് അടിസ്ഥാനമെന്ത് ?

15 ഖിലധാതുക്കൾ എന്നാൽ എന്ത് ?

(5 × 2 = 10 marks)

III. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഓരോ ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക :

16 'അ്'കാരത്തിന് കേരളപാണിനി കല്പിച്ച ധ്വനിമൂല്യം എന്തെന്ന് വ്യക്തമാക്കുക.

17 വർണ്ണവികാരം എന്നാൽ എന്ത് ? അതിന്റെ കാരണങ്ങൾ ഏവ ?

18 "പദമെന്നാൽ പ്രയോഗിപ്പാൻ

സജ്ജമായുള്ള ശബ്ദമാം"

—വിശദീകരിക്കുക.

Turn over

19 വിഭക്ത്യാഭാസം എന്നാൽ എന്ത് ? എത്ര വിധം ? വിശദമാക്കുക.

20 കർമ്മണിപ്രയോഗത്തെക്കുറിച്ചുള്ള കേരളപാണിനിയുടെ നിലപാട് വ്യക്തമാക്കുക.

21 'വിനയെച്ചങ്ങളഞ്ചത്രേ'—ഏതെല്ലാം ? വിവരിച്ചുദാഹരിക്കുക.

22 കൃതികൃത്തും കാരകകൃത്തും തമ്മിലുള്ള വ്യത്യാസമെന്ത് ?

(5 × 5 = 25 marks)

IV. ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

23 കേരളപാണിനീയത്തിലെയും ലീലാതിലകത്തിലെയും സന്ധികാര്യങ്ങൾ താരതമ്യം ചെയ്യുക.

24 മലയാളത്തിലെ അക്ഷരസംഖ്യയെക്കുറിച്ചുള്ള വിവിധ വൈയാകരണന്മാരുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

25 "നാമാദിനാലിനും ചെയ്യാം

വിഭാഗം പല ജാതിയിൽ"

—സോദാഹരണം വിശദീകരിക്കുക.

26 മലയാള വിഭക്തികൾക്ക് പുതിയ പേരുകൾ കല്പിച്ചതിന് കേരളപാണിനി കണ്ടെത്തിയ കാരണങ്ങൾ യുക്തിസഹമാണോ എന്ന് പരിശോധിക്കുക.

27 പ്രകാരം എന്നാൽ എന്ത് ? എത്ര വിധം ? ഉദാഹരണസഹിതം വിവരിക്കുക.

28 തദ്ധിതം എന്തെന്ന് നിർവചിച്ച് അവാന്തരവിഭാഗങ്ങളെക്കുറിച്ച് സോദാഹരണം പ്രതിപാദിക്കുക.

(4 × 10 = 40 marks)